**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6372** **10-07-2024 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് കേന്ദ്രമായി ഫിഷ് ലാൻഡിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ അഴീക്കോട് കേന്ദ്രമായി സർക്കാർ അനുവദിച്ച ഫിഷ് ലാൻഡിംഗ് സെന്റർ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ ഉൾപ്പെട്ട അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി 14-06-1993- ൽ 20 ഏക്കർ സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറി നൽകുകയുണ്ടായി. അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെ തുടർന്ന് അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം 2009- ൽ ആരംഭിച്ചു. എന്നാൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനോട് ചേർന്നുള്ള വസ്തുവിന്റെ ഉടമസ്ഥരായ M/s. സൗരാഷ്ട്ര സിമന്റ് കമ്പനി ബഹു. ഹൈക്കോടതിയിൽ സ്റ്റേ ഉത്തരവ് സമ്പാദിച്ചതിനാൽ നിർമ്മാണം നിർത്തി വെക്കേണ്ടതായി വന്നു. തുടർന്ന് 15 വർഷമായി നിർമ്മാണ പ്രവർത്തനമൊന്നും നടന്നിട്ടില്ല. കേസ് സർക്കാരിന് അനുകൂലമായി തീർപ്പാക്കിയതിനെതുടർന്ന് ഫിഷ് ലാന്റിംഗ് സെന്ററിലേക്ക് ബദൽ പ്രവേശനപാത ഉറപ്പാക്കി അഴിക്കോട് ഫിഷ് ലാന്റിംഗ് സെന്റർ വികസന പ്രവർത്തനങ്ങൾക്കായി 20 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള അനുമതിക്കായി സംസ്ഥാന സർക്കാർ 23/12/2023 -ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കേന്ദ്ര സർക്കാർ ഏജൻസിയായ CICEF (Central Institute of Coastal Engineering for Fishery) ൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളനുസരിച്ച് 20 കോടി രൂപയുടെ പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. വാർഫ് (45*6.25m), ലേലപ്പുര (45*8.25m) എന്നിവയുടെ നിർമ്മാണം, ലോക്കർ റൂം, |

| | | | |
|---|---|---|---|
| | | | നെറ്റ് മെൻഡിംഗ് ഷെഡ്, കാന്റീൻ, ഷോപ്പുകൾ, ശുചിമുറി എന്നിവയുടെ നിർമ്മാണം, റോഡ്, പാർക്കിംഗ് ഏരിയ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, റിക്ലമേഷൻ ബണ്ട്, ഓവർ ഹെഡ് വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണവും ഡ്രെഡ്ജിംഗ് പ്രവൃത്തികളുമാണ് പദ്ധതി രൂപരേഖയിൽ ഉൾക്കൊള്ളിച്ചിരുന്നത്. PMMSY യിലോ നബാർഡ് പദ്ധതിയിലോ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ